# ബൈബിൾ സത്യം



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

# THE BIBLE TRUTH

**Editors**

**P. K. VARGHESE** **J. C. CHOATE**

*ooo* *ooo* *ooo*

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 13 December 1999 No. 9**


## എഡിറ്റോറിയൽ

പുതിയ സഹസ്രാബ്ദത്തിലേക്കു പ്രവേശിക്കുകയാണല്ലൊ നാം. കഴിഞ്ഞ കാലത്തെ നമ്മുടെ ജീവിതം വിലയിരുത്തി മുൻപോട്ടു പോകുന്നതു നന്നായിരിക്കും. സമൂഹത്തിലേർപ്പെട്ടിരിക്കുന്ന രോഗങ്ങൾ ചികിത്സിക്കേണ്ടതുണ്ട്. കഷ്ട നഷ്ടങ്ങളെ നാം വിസ്മരിക്കേണ്ടതുണ്ട്. മതപരമായും സാംസ്കാരികമായും ഉയരുന്നു എന്നഭിമാനിക്കുന്ന നാം നമ്മെ തന്നെ വിമർശനത്തിനു വിധേയരാക്കണം. മററുള്ളവരെ വിമർശിക്കാൻ നിഷ്പ്രയാസം കഴിയും. എന്നാൽ സ്വയമായി അപാകതകളെ കണ്ടെത്താൻ കഴിയണം. ഭൗതിക ജീവിതത്തിന്റെ സുസ്ഥിരതക്കു വേണ്ടി അദ്ധ്വാനിക്കാത്തവർ വളരെ ചുരുക്കമാണ്. പക്ഷെ ആ നേട്ടം എത്ര മാത്രം നമ്മെ ആഹ്ളാദിപ്പിക്കുന്നുണ്ട് ? ശരീരത്തിൽ രോഗവും മനസിനു അസ്വസ്ഥതയും പകരുന്ന സ്ഥിതിയിലേക്കല്ലേ ഇതു നമ്മെ നയിക്കുന്നത് ? നാം സന്തോഷത്തിനും വിനോദത്തിനുമായി ചെയ്യുന്നതിൽ വാസ്തവത്തിൽ നമുക്കു അതു ലഭിക്കുന്നില്ല. ഈ പരാജയത്തിനുള്ള കാരണം നാം കണ്ടെത്തണം.

ധന സമ്പാദ്യത്തിലേർപ്പെട്ടിരിക്കുന്ന നമ്മുടെ സഹജീവികൾ അറിയാതെ ചതിയിലും കെണിയിലും അകപ്പെടുന്നു. ദ്രവ്യാഗ്രഹം സർവ്വ വിധ ദോഷത്തിനും കാരണമായി തീരുന്നു. ഇന്നത്തെ യുവ തലമുറയും പണത്തോടുള്ള അമിതമായ ആഗ്രഹത്തിന്റെ പിടിയിലാണ്. പണ

മുള്ളവരാണ് ആദരിക്കപ്പെടുന്നത്, പണത്താലാണ് മനിഷ്യൻ മനുഷ്യനെ അളക്കുന്നതു എന്ന അവസ്ഥ ഗുണത്തുനു പകരം ദോഷമെ വരുത്തുകയുള്ളു. അതുകൊണ്ടാണല്ലൊ സ്ത്രീധനവും അതിനെ സംബന്ധിച്ച കുററകൃത്യങ്ങളും ഏറി വരുന്നത്. എങ്ങനെയെങ്കിലും പണമുണ്ടാക്കുന്നവരല്ല നമുക്ക് ആവശ്യം. നീതിയും ന്യായവും സൂക്ഷിച്ച് സത്യസന്ധമായി അദ്ധ്വാനിച്ച് ജീവിക്കുവാനാണ് മനുഷ്യർ തയ്യാറാകേണ്ടത്. ബാല്യത്തിലേ, കുട്ടികളെ മാതാപിതാക്കൾ ആ ബോധത്തോടെ വളർത്തികൊണ്ടുവരണം, അഴിമതി സമൂഹത്തിൽ നിന്നു തുടച്ചു മാററാൻ നിയമത്തിനോ എഴുത്തു പലകകൾക്കോ പലപ്പോഴും കഴിയാത്തതിൻെറ കാരണം നാം മനസിലാക്കേണം. അവിഹിത മാർഗ്ഗത്തിലൂടെ സമ്പാദിക്കുന്നവരെ ഒററപ്പെടുത്തണം. അങ്ങനെയുള്ളവരുമായി ഒരിടപാടും നടത്തരുത്. തെററിനെ നാം പ്രോത്സാഹിപ്പിക്കുകയല്ല വേണ്ടത്. അവയെ നിർമ്മാർജ്ജനം ചെയ്യണം.

പുതിയ സഹസ്രാബ്ദത്തിൽ ഒരു പുത്തൻ തലമുറയെയും പുതിയ ജീവിത പാതയെയും നമുക്കു ഉറപ്പാക്കാൻകഴിയണം. സന്തോഷത്തിനും വിനോദത്തിനും മദ്യമോ അതുപോലെയുള്ള യാതൊന്നും സ്വീകരിക്കരുത്. പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെ ചേർച്ചയില്ലാത്ത ഒന്നും പാടില്ല. എല്ലാവരെയും സ്നേഹിക്കുക, എല്ലാവരോടും സമാധാനം ആചരിക്കുക, ദീനരോടും അനാഥരോടും വിധവമാരോടും കനിവും ദയവും കാണിക്കുക. സഹായം ആവശ്യമുള്ളവരെ കയ്യൊഴിയരുത്. അസത്യം ഉപേക്ഷിച്ച് സത്യം സ്വീകരിക്കുക. മനുഷ്യർക്കും അവരുടെ നിയമാവലികൾക്കും കീഴ്പ്പെടാതെ ദൈവത്തിൻെറ നീതിയുള്ള പാതയിൽ കൂടെ മാത്രം സഞ്ചരിക്കുക. സ്വാർത്ഥത വിട്ടുകളയുക. സേവനം പ്രത്യുപകാരം പ്രതീക്ഷിക്കാതെ ചെയ്യുക.

★

# ആരാണ് നിയമത്തെ മുറുകെ പിടിക്കുന്നവർ ?

**J. C. ചോട്ട്**

നിയമ നിഷ്ക്കർഷതയെ കുറിച്ച് ധാരാളം സംസാരിക്കയുണ്ടായിട്ടുണ്ട്. ബാഹ്യനിയന്ത്രണത്താൽ ബന്ധിതരല്ലാത്ത ആളുകൾ സാധാരണ വിമർശിക്കാറുള്ള വിഷയമാണിത്. ഏതെങ്കിലും ഒന്നിനു വേണ്ടി ആരെങ്കിലും നില കൊള്ളുകയാണെങ്കിൽ ഇവർ പറയുന്നത് അവർ നിയമത്തെ നിഷ്ക്കർഷമായി എടുക്കുന്നു എന്നാണ്. അല്ലെങ്കിൽ ഒരു പ്രത്യേക സത്യത്തെയോ ഉപദേശത്തെയോ മുറുകെ പിടിക്കുമ്പോൾ മററുള്ള ഉദാര മനസ്കർ പറയുന്നത് ഇതാണ് ''അവർ നിയമത്തിൽ കടിച്ചു തൂങ്ങി കിടക്കുന്നു''. ഇതു വാസ്തവത്തിൽ എവിടെ എത്തിക്കുമെന്ന് അവർ അറിയുന്നില്ല.

നിയമ നിഷ്ക്കർഷതയെ കുറിച്ച് എഴുതപ്പെട്ട ഒരു പുസ്തകം ഞാൻ അടുത്ത സമയത്തു വായിക്കയുണ്ടായി. അതിൽ പറഞ്ഞിരിക്കുന്നതു സഭയിൽ വേലിക്കെട്ടുകളും അതിരുകളും വെച്ചിരിക്കുന്നതു ഈ നിയമത്തെ മുറുകെ പിടിച്ചിരിക്കുന്നവർ ആണ് എന്നത്രെ. അവരുടെ നിഗമനമനുസരിച്ച് അനുസരിക്കേണ്ട കല്പന എടുത്തു കാണിച്ചാലും ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ നിബന്ധനകൾ ചൂണ്ടി കാണിച്ചാലും അവർ നിയമത്തെ മുറുകെ പിടിച്ചിരിക്കുന്നവർ എന്നു വരുന്നു. അവരുടെ സിദ്ധാന്തമനുസരിച്ച് ദൈവ കൃപ എല്ലാം നോക്കികൊള്ളും എന്നാണ്. അങ്ങനെയാണെങ്കിൽ ദൈവ നിയമം രൂപപ്പെടുത്തേണ്ട കാര്യമില്ലായിരുന്നുവല്ലൊ. ക്രമ വിരുദ്ധ ജീവിതത്തിനു താല്പര്യപ്പെടുന്ന ആളുകളുടെ കുതന്ത്രമാണിത്.

ഞാൻ തുടർന്നു വായിച്ചപ്പോൾ ലേഖകനോടു ചോദി

ക്കാൻ ആഗ്രഹിക്കുന്ന ഒരു ചോദ്യം എന്തെന്നാൽ നമ്മുടെ കർത്താവു മനുഷ്യരോടു അനുസരിക്കുവാനായി ഒരു കല്പനയൊ നിബന്ധനയോ നല്കിയാൽ അതു വേലികെട്ടലോ അതിരു തിരിക്കലോ ആകുമോ ? മററൊരു രീതിയിൽ പറഞ്ഞാൽ, അപ്പൊസ്തലനായിരുന്ന പൌലൊസോ അല്ലെങ്കിൽ പത്രോസോ ഉപദേശിച്ചാൽ അതിനെ ഇവർ എങ്ങനെ കാണും ? സഭയുടെ പ്രാധാന്യത്തെ സംബന്ധിച്ചും വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നതിനെ വേലികെട്ടലായി ഇവർ ചിത്രീകരിക്കുമോ ? ഇന്ന് അറിയപ്പെടുന്ന വചന വിരുദ്ധമായ ആചാരങ്ങൾ ചെയ്യുവാനുള്ള മറയായി ആളുകൾ ഇതു എടുക്കുകയാണ്. ഉദാഹരണമായി പറഞ്ഞാൽ ദൈവ കൃപയാലാണ് നാം രക്ഷിക്കപ്പെടുന്നതു. അതുകൊണ്ടു വിശ്വാസം മാത്രം മതി എന്നു പറയുന്നവർ ദൈവം ചെയ്യുവാൻ പറഞ്ഞിരിക്കുന്ന മററു ഭാഗങ്ങളെ തള്ളി കളഞ്ഞിരിക്കയാണ്.

രക്ഷിക്കപ്പെടുവാൻ മനുഷ്യർ എന്തു ചെയ്യണമെന്നു കല്പിക്കുവാനുള്ള അധികാരം രക്ഷിതാവിനാണ്. രക്ഷക്കു ആവശ്യമായ നിർദ്ദേശങ്ങൾ കർത്താവ്, തൻെറ വചനത്തിൽ തന്നിട്ടുണ്ട്. നിയമം പുറപ്പെടുവിക്കാനുള്ള അധികാരം നിയമ കർത്താവിനാണ്. കർത്താവ് കല്പിച്ചിട്ടുള്ള പ്രമാണങ്ങളാണ് എല്ലാവരും അനുസരിക്കേണ്ടതു. അതു അങ്ങനെ തന്നെ ചെയ്യുവാനും ആ കല്പനകൾക്കു കീഴ്പ്പെട്ടു ജീവിക്കുവാനും പറയുന്നതു ഇവർ വിചാരിക്കുന്നതു പോലെ വേലി കെട്ടലോ, അതിരു വെക്കലോ ആകുന്നില്ല. നിയമം പാലിക്കൽ കർത്താവിനെ സ്നേഹിക്കുന്നതിനു തുല്യമാണ് (യോഹന്നാൻ 14:15). ദൈവ നിയമത്തെ അവഗണിക്കുന്നതു ദൈവത്തെ അവഗണിക്കുന്നതിനു തുല്യമാണ്. അതു അവർ മറന്നു കളയുന്നു.

നിയമ കാർക്കശ്യത്തെ നിഷേധിക്കുന്ന ആളുകൾ പരീശന്മാരെയും സദൂക്യരേയും ശാസ്ത്രിമാരെയും ആണ് എ

ടുക്കാറുള്ളത്. അവർ മനുഷ്യരുടെ സമ്പ്രദായങ്ങളെ അനുസരിച്ചു നടക്കുകയും ദൈവത്തിൻെറ ചട്ടങ്ങളെ അനുസരിക്കാതിരിക്കയും ചെയ്തതുകൊണ്ടാണ് യേശു അവരെ കുററം ചുമത്തിയത്. മാത്രമല്ല അവർ ഓരോ നിയമാവലികൾ ഉണ്ടാക്കി ജനങ്ങളിൽ അടിച്ചേല്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ദൈവ നിയമമാകുന്ന ന്യായപ്രമാണം അനുസരിക്കുന്നവരെ അവൻ ഒരിക്കലും ഖണ്ഡിച്ചിരുന്നില്ല. മനുഷ്യരുടെ പാരമ്പര്യത്തെയാണ് യേശുക്രിസ്തു എതിർത്തിരുന്നത്. അവയാൽ അവർ ദൈവത്തിൻെറ ന്യായപ്രമാണത്തെ ദുർബ്ബലമാക്കിയിരുന്നു. മനുഷ്യരുടെ കല്പനകൾ പ്രമാണിക്കുന്നതും കർത്താവിൻെറ കല്പനകൾ അനുസരിക്കുന്നതും തമ്മിൽ വളരെ അന്തരം ഉണ്ട്. ദൈവ നിയമം അനുസരിക്കുന്നതിനു പകരമായി ഒന്നുമില്ല. അതിനു അനുബന്ധമായി പാരമ്പര്യ മാനുഷിക ആചാരങ്ങൾ എടുക്കുന്നതു ദൈവ നീതിക്കു നിരക്കാത്തതാണ്.

ബൈബിൾ നിയമത്തെ മുറുകെ പിടിക്കുന്നവരെ വിമർശിക്കുന്ന നാമധേയ വിഭാഗക്കാരുടെ താഴ്മ, ത്യാഗമനസ്ഥിതി, സ്നേഹം, സുവിശേഷ തല്പരത എന്നിവയെ അവർ കാണുകയും അവരുടെ പാരമ്പര്യ സിദ്ധാന്തങ്ങൾ പാലിക്കേണ്ടതിനു സ്വീകരിച്ചിരിക്കുന്ന നിയമ കാർക്കശ്യം കാണാതിരിക്കയും ചെയ്യുന്നു. മനുഷ്യ നിർമ്മിതമായ ഭരണ സംവിധാനത്താലും നിയമാവലികളാലും അവരല്ലേ വേലിയും അതിരും വെച്ചിരിക്കുന്നത്. ആളുകൾ അവരെ വിട്ടു പോകാതിരിക്കാൻ എന്തെല്ലാം വലയാണ് നിർമ്മിച്ചിരിക്കുന്നത്? ഇതു അവരുടെ മത സ്വാതന്ത്ര്യത്തെപോലും വെല്ലുവിളിക്കുന്നതാണ്. പക്ഷെ ആരും അത്ര ഗൗരവമായി എടുക്കുന്നില്ല. അവരുടെ ഉപദേശവും ആഘോഷവും എല്ലാം അവർ സ്വീകരിച്ചു വരുന്നു എന്നതു ഖേദകരമല്ലെ?

ഈ ബലഹീന സഹോദരന്മാർ നാമധേയ വ്യവസ്ഥയി

ലെ നിയമകാർക്കശ്യത്തെ തിരിച്ചറിയണം. മററാരെക്കാളും നിയമ നിഷ്ക്കർഷത പാലിക്കുന്നതു ഇതിനെ വിമർശിക്കുന്നവരാണ്. അതു പക്ഷെ ദൈവത്തിനു നിരക്കാത്തതാണെന്നു മാത്രം.

ദൈവ നിയമത്തിനു പ്രാധാന്യം കൊടുക്കാത്തവർ, അതിനു പ്രാധാന്യം കൊടുക്കുന്നവരെ വിമർശിക്കുന്നതിൻെറ കാരണം വളരെ വ്യക്തമാണ്. സഭയിലുള്ളവർ, സുവിശേഷ കല്പനകൾ പ്രമാണിച്ചു കർത്താവിൻെറ ഏക സഭയിലെ അംഗങ്ങളായി തീർന്നവർ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിച്ച് യഥാർത്ഥ ക്രിസ്തീയ ജീവിതം നയിക്കും. സുവിശേഷ സത്യം മാത്രം പ്രസംഗിക്കയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ അതു ചെയ്യാത്തവർ വിമർശിക്കുന്നതു സ്വാഭാവികം മാത്രം. സ്വന്ത കഴിവിലും പ്രവൃത്തിയിലും ആശ്രയിക്കുന്നു എന്നതും പറഞ്ഞേക്കാം. പക്ഷെ വാസ്തവത്തിലുള്ള ദൈവകൃപ അവർക്കു അജ്ഞാതമത്രെ.

അവർ തെററായ രീതിയിൽ ഞങ്ങളെ വിമർശിക്കയാണ് ചെയ്യുന്നത്. നിയമ കാർക്കശ്യത്തെ മാത്രം മുറുകെ പിടിക്കുന്നതിനെ ഞങ്ങളും എതിർക്കുന്നുണ്ട്. ദൈവ കൃപ കൂടാതെ ഞങ്ങളുടെ സ്വന്ത പ്രവൃത്തികളാൽ രക്ഷിക്കപ്പെടാൻ കഴിയും എന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. ഞങ്ങൾ ഞങ്ങളുടേതായ നിയമങ്ങളോ നിയമാവലികളോ ഉണ്ടാക്കുന്നില്ല. ഞങ്ങൾ ആർക്കും വേലിയോ അതിരുകളോ വെക്കുന്നുമില്ല. കർത്താവിൻെറ ഇഷ്ടത്തിനു ഞങ്ങളെ പൂർണ്ണമായി ഏല്പിച്ചുകൊടുക്കുന്നു. മനുഷ്യ കല്പന പ്രമാണിക്കുന്നതും കർത്താവിൻെറ കല്പന പ്രമാണിക്കുന്നതും തമ്മിൽ വളരെ വ്യത്യാസമുണ്ട്.

നിയമ കാർക്കശ്യമുള്ളവൻ ആരാണ് ? നിയമത്തെ അക്ഷരികമായി മാത്രം എടുക്കുന്നവൻ, തൻെറ രക്ഷക്കു സ്വപ്രവൃത്തിയിൽ ആശ്രയിക്കുന്നവൻ, താൻ ചെയ്യുന്നതിൽ

ഹൃദയം അർപ്പിച്ചിരിക്കുന്നവൻ പ്രവൃത്തികളാൽ രക്ഷിക്കപ്പെടാമെന്നോ വിശ്വസിക്കുന്നില്ല. തന്റെ സൽപ്രവൃത്തിയാൽ ആർക്കു സ്വർഗ്ഗത്തിൽ പോകാൻ കഴിയും ? അങ്ങനെ ആരെങ്കിലും തെററായി ധരിച്ചുവെച്ചിട്ടുണ്ടെങ്കിൽ അവർ മാനസാന്തരപ്പെടണം. എന്നാൽ ഭൂരിഭാഗം ക്രിസ്ത്യാനികളും ഈ വിഭാഗത്തിൽ പെടുന്നില്ല.

എല്ലാ മത വിഭാഗങ്ങളിലുമുള്ളവരും ദൈവ ജനമായിട്ടാണ് സഭയിലുള്ളവർ കാണുന്നത്. അവരുടെ വിശ്വാസവും ബന്ധവും എന്തു തന്നെയായാലും അവരെയും ദൈവത്തോടു അടുപ്പിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ഉദാരമതികളായ സഹോദരന്മാർ ആത്മാർത്ഥത, എളിമ, സൽപ്രവൃത്തി, ദൈവ കൃപ എന്നിവക്കു ഊന്നൽ കൊടുക്കുന്നു. എന്നാൽ നീതിമാനായ ഒരാളിൽ ഈ സൽഗുണങ്ങൾ കാണും. എങ്കിലും ദൈവ കല്പന അനുസരിക്കാതെ, കർത്താവിന്റെ സഭയിൽ അംഗമാകാതെ, വിശ്വസ്ത ക്രിസ്തീയ ജീവിതം നയിക്കാതെ ദൈവ കൃപ ലഭിക്കുമെന്നു പറഞ്ഞാൽ അതു നടക്കുന്ന ഒന്നല്ല. കാരണം ലോകത്തിൽ അനുസരണക്കേടു കാണിക്കുന്നവർക്കു ദൈവത്തിന്റെ കൃപ നല്കുന്നില്ല.

ഞാൻ ഒരു നിയമകാർക്കശ്യമുള്ള ആളല്ല. നിങ്ങളും അങ്ങനെയല്ല, എന്നു ഞാൻ കരുതുന്നു. നാം കർത്താവിനെ സ്നേഹിച്ചു അവന്റെ ഇഷ്ടം സത്യസന്ധതയോടെ ചെയ്യുകയാണെങ്കിൽ അങ്ങനെ ആയിരിക്കയില്ല. കർത്താവിനെ കൂടാതെ നമുക്കു രക്ഷ അസാദ്ധ്യമാണ്. ദൈവ കൃപ കൂടാതെ രക്ഷ അപ്രാപ്യമത്രേ. കർത്താവിന്റെ ഇഷ്ടം അനുസരിച്ച് പ്രവർത്തിക്കാതിരുന്നാൽ അവന്റെ കൃപ കിട്ടും എന്നും ധരിക്കരുത്. രക്ഷ പ്രാപിക്കുവാൻ മനുഷ്യരോടു ദൈവം കല്പിച്ചിരിക്കുന്ന കല്പനകൾ എല്ലാം അനുസരിച്ചാൽ കർത്താവ് നമ്മെ അവന്റെ സഭയിലേക്കു ചേർക്കും.

★

# കൃപയിൽ നിന്നു വീഴൽ

അലെൻ വെബ്സ്റ്റർ

കൃപയിൽ നിന്നു വീണു പോകുന്നതിനെ കുറിച്ച് പലപ്പോഴും ചർച്ച ചെയ്യാറുള്ളതാണ്. ദൈവം കൃപാ സമ്പന്നനാണ്. അനർഹമായി ലഭിക്കുന്ന ഔദാര്യത്തിനാണ് കൃപ എന്നു പറയുന്നത്. ഒരിക്കൽ ഒരാൾ ദൈവ മകനോ മകളോ ആയി കഴിഞ്ഞാൽ എന്തായാലും നഷ്ടപ്പെട്ടു പോകുന്ന അവസ്ഥയിലേക്കു ആ വ്യക്തിക്കു വീണുപോകാൻ കഴിയുകയില്ല എന്ന ധാരണ ഇന്നു ചിലരിൽ നിലനില്ക്കുന്നുണ്ട്. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ എല്ലായ്പോഴും രക്ഷിക്കപ്പെട്ടിരിക്കുമെന്നും ആ രക്ഷ നഷ്ടമാകയില്ല എന്നും കരുതിയിരിക്കുന്നവരുണ്ട്. ഇതിന്റെ സത്യാവസ്ഥ എന്തെന്നു നാം തിരുവചനത്തിൽ നിന്നു മനസിലാക്കണം

## കൃപയിൽ നിന്നു വീഴാൻ സാദ്ധ്യതയുണ്ടോ ?

പുതിയ നിയമവുമായി വന്ന യേശുവിൽ നിന്നാണല്ലോ നാം കൃപയെന്തെന്നു യഥാർത്ഥമായി മനസിലാക്കിയത്. ബൈബിൾ പ്രത്യേകിച്ച് പുതിയ നിയമ വിഭാഗങ്ങളിൽ വളരെയധികം ഭാഗങ്ങളിൽ, ഒരു ക്രിസ്ത്യാനി സൂക്ഷിച്ചില്ലെങ്കിൽ ലഭിച്ച കൃപയിൽ നിന്നു വീണു പോകുവാനിടയുണ്ട് എന്നു മുന്നറിയിച്ചിട്ടുണ്ട്. ദൈവ നീതിയോടും വിശ്വസ്തതയോടും കൂടെ ജീവിക്കുവാൻ നമ്മെ ഉത്ബോധിപ്പിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 10:12, 1 തിമൊഥെയൊസ് 4:1-3; മത്തായി 13:41; എബ്രായർ 3:12; വെളിപ്പാട് 2:10). വിശ്വാസത്യാഗം എന്ന പോരാട്ടം എല്ലാ ക്രിസ്ത്യാനികളും നേരിടുന്ന ഒന്നാണ് (2 കൊരിന്ത്യർ 13:5). യേശുക്രിസ്തു പറയുന്നതു: ഞാൻ നിങ്ങളോടു പറയുന്നതോ, എല്ലാവരോടും പറയുന്നു; ഉണർന്നിരിപ്പിൻ (മർക്കൊസ് 13:37).

ദൈവ വചനം വെളിപ്പെടുത്തിയിരിക്കുന്നതു ദേശങ്ങ ൾ (1 രാജാക്കന്മാർ 12:26-33) ദൂതന്മാർ (2 പത്രൊസ് 2:4) സാത്താൻ (വെളിപ്പാട് 12:7-9) വ്യക്തികൾ (പ്രവൃത്തി 8: 9-24) എന്നിവർ വീണുപോയി എന്നാണ്. ക്രിസ്ത്യാനിക ളായി തീർന്നവർ വീണ്ടും യെഹൂദ മതത്തിലേക്കു തിരിച്ചു പോയാലുള്ള അവസ്ഥയെ കുറിച്ച് എബ്രായ ലേഖനത്തി ൽ പ്രതിപാദിക്കുന്നുണ്ട്. ക്രിസ്തുവിൽ നിന്നകന്നു പോ കുന്നതും ക്രിസ്തുവിന്റെ സുവിശേഷത്തിൽ നിന്നകന്നു പോകുന്നതും അവന്റെ കൃപയെ വ്യർത്ഥമാക്കുന്നതിനു തുല്യമാണ്. പഴയ നിയമത്തിൽ ശൗൽ വീണുപോയി (1 ശമുവേൽ 15:11). അവസാനം തിരിച്ചു വന്നുവെങ്കി ലും ശലോമോനും വീണുപോയിരുന്നു എന്നു പറയാതി രിക്കാൻ നിർവ്വാഹമില്ല (1 രാജാക്കന്മാർ 11:1-10). യേശു വിനോടു കൂടെയായിരുന്ന യൂദാ പോലും വീണുപോയി എന്നു എടുത്തു പറയാതെ നമുക്കറിയാം (മത്തായി 26:14-16). ഹുമനെയോസും ഫിലെത്തോസും അവരുടെ കൂട്ട ത്തിൽ പെടുന്നു (2 തിമൊഥെയൊസ് 2:17-18). അതു പോലെ ദേമാസ് (2 തിമൊഥെയൊസ് 4:10). എല്ലാവ രും കൃപയിൽ നിന്നു വീണു പോയതാണ്. ന്യായപ്രമാ ണത്താൽ നീതീകരിക്കപ്പെടുവാൻ ഇച്ഛിക്കുന്ന നിങ്ങൾ ക്രി സ്തുവിനോടു വേറുപെട്ടു പോയി, നിങ്ങൾ കൃപയിൽ നിന്നു വീണുപോയി (ഗലാത്യർ 5:4).

പത്രൊസ് രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക. കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരി ജ്ഞാനത്താൽ ലോകത്തിന്റെ മാലിന്യം വിട്ടോടിയവർ അ തിൽ വീണ്ടും കുടുങ്ങി തോററുപോയാൽ അവരുടെ ഒടു വിലത്തെ സ്ഥിതി ആദ്യത്തേതിനെക്കാൾ അധികം വഷളാ യി പോയി. തങ്ങൾക്കു ഏല്പിച്ചു കിട്ടിയ വിശുദ്ധ ക ല്പനയെ നീതിയുടെ വഴി അറിഞ്ഞശേഷം വിട്ടു കളയു ന്നതിനേക്കാൾ അതു അറിയാതിരിക്കുന്നതു അവർക്കു ന ന്നായിരുന്നു. എന്നാൽ സ്വന്ത ഛർദ്ദിക്കു തിരിഞ്ഞ നായെ ന്നും കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ തിരിഞ്ഞ പന്നിയെ

ണ്ണും ഉള്ള സത്യമായ പഴഞ്ചൊല്ലു പോലെ അവർക്കു സംഭവിച്ചു (2 പത്രൊസ് 2:20-22).

## ഒരാൾ കൃപയിൽ നിന്നു വീഴാൻ കാരണമെന്ത് ?

നഷ്ടപ്പെട്ടു പോകുന്ന ഏതൊരാത്മാവിന്റെ പുറകിലും സാത്താൻ ഉണ്ടായിരുന്നു എന്നതു വാസ്തവമാണ് (ലൂക്കൊസ് 23:37). ഇതോടൊപ്പം മററു പല ഘടകങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ചിലരുടെ വിശ്വാസത്തെ നശിപ്പിക്കുന്നതു ദുരുപദേഷ്ടാക്കളാണ് (പ്രവൃത്തി 20:29-30). വേറെ ചിലർ അവരുടെ സ്വന്ത നാശത്തിനായി വചനത്തിനെ കോട്ടികളയുന്നു (2 തിമൊഥെയൊസ് 4:3-4; 2 പത്രൊസ് 3:16). ചിലരെ വീഴ്ത്തുന്നതു ഉപദ്രവമാണ് (എബ്രായർ 4:9-11). ലോകത്തെ സ്നേഹിക്കുന്നവർക്കും വീഴ്ച്ച ഉറപ്പാണ്. ഭൗതികമായ ആസ്വാദനം, വ്യക്തിപരമായ താല്പര്യം എന്നിവക്കു മുൻതൂക്കം കൊടുക്കുന്നവരും വീണുപോകും (2 തിമൊഥെയൊസ് 4:10; 1 യോഹന്നാൻ 2:15-17). പാപരോഗത്താൽ ഹൃദയം കഠിനപ്പെടുന്നതു നിമിത്തം ചിലർ വീണു പോകുന്നു (പ്രവൃത്തി 7:54-57). ആത്മീയമായി അന്ധത ബാധിച്ചവരും ഇടറി വീഴും (പ്രവൃത്തി 28:25-27).

## വീഴാതെ ഒരാൾക്കു എങ്ങനെ സൂക്ഷിക്കാം?

ദൈവ വചനമാകുന്ന അടിസ്ഥാനത്തിൽ വേരൂന്നി കാലുറപ്പിക്കണം (യോഹന്നാൻ 10:28-29). തികവുള്ള നമ്മുടെ ആത്മീയ സഹായി ബൈബിളാണ് (2 പത്രൊസ് 1:3). ആത്മീയമായി നമ്മെ പൂർണ്ണതയുള്ളവരാക്കി തീർക്കുന്നതു തിരുവചനമാണ് (2 തിമൊഥെയൊസ് 3:16-17). ദുഷ്ടന്റെ തീയമ്പുകളെ കെടുക്കുവാൻ പററിയ ആയുധവും മറെറാന്നല്ല. നമ്മെ വളർത്തി ശക്തമാക്കുന്നതു ദൈവത്തിന്റെ കൃപയുടെ വചനമാണ് (പ്രവൃത്തി 20:32). വചനത്താൽ ആണ് നമുക്കു വിശ്വാസം ജനിക്കുന്നത് (റോമർ 10:17). വിശ്വാസത്തിൽ വേരൂന്നി വളരുമാറാ

ക്കുന്നതു തിരുവെഴുത്തുകളാണ് (എഫെസ്യർ 4:13-16). ദൈവ നീതിയിൽ നമ്മെ സ്ഥിരീകരിച്ചു നിർത്തുവാൻ പര്യാപ്തമായതാണ് വചനം. ആത്മീയ ബലത്തിനും വേദപുസ്തകമാണ് നമുക്ക് ആവശ്യം (എബ്രായർ 5:12-14).

മുന്തിരി വള്ളിയാകുന്ന യേശുവിൽ നാം വസിക്കുന്നുവെങ്കിൽ (യോഹന്നാൻ 15:6) വീഴുകയില്ല. ക്രിസ്തുവിനോടും അവന്റെ മരണത്തോടും ഉള്ള ബന്ധം സൂക്ഷിക്കുവാൻ പര്യാപ്തമായ ഒന്നാണ് കർത്തൃമേശ (1 കൊരിന്ത്യർ 10:16). ജഡിക ഇച്ഛകളും മോഹങ്ങളും നാം നമ്മുടെ ശരീരത്തിൽ നിന്നു അകററണം (1 കൊരിന്ത്യർ 9:27). അതിനായി ദിവ്യ സ്വഭാവത്തിനു അനുരൂപരായി തീരുവാൻ സകല സൽഗുണങ്ങളും ചേർത്തുകൊള്ളണം (2 പത്രൊസ് 1:5-8). നമ്മുടെ രക്ഷകനായ കർത്താവാണു നമ്മെ സംരക്ഷിക്കുക എന്ന ബോധം മനസിൽ സൂക്ഷിക്കുക (സങ്കീർത്തനങ്ങൾ 121:1-4). പ്രായോഗികമായി പറഞ്ഞാൽ, എല്ലാ ബൈബിൾ പഠനത്തിലും ആരാധനയിലും മീററിങ്ങിലും പങ്കു ചേർന്നു ദിനംതോറും പ്രാർത്ഥിച്ചും പാട്ടു പാടി അവനെ മഹത്വപ്പെടുത്തിയും വചനം പഠിച്ചും കൊണ്ടിരുന്നാൽ നമ്മിൽ അഗ്നി ജ്വലിച്ചുകൊണ്ടിരിക്കും. ക്രിസ്തീയ മനോഭാവം എല്ലാവരോടും നാം പുലർത്തണം (എബ്രായർ 10:25).

നിങ്ങൾ ഇപ്പോൾ വിശ്വാസത്തിൽ നിന്നു അകന്നു നില്ക്കുകയാണെങ്കിൽ എന്തുകൊണ്ടു പ്രശ്നം പരിഹരിച്ചു തിരിച്ചു വന്നുകൂടാ ? നീണ്ടു പോകുന്തോറും നിങ്ങളുടെ ഹൃദയം കഠിനപ്പെട്ടു പോകും. പിന്നീടു കാര്യങ്ങൾ നേരെയാക്കാൻ ബുദ്ധിമുട്ടാകും. നിങ്ങൾ ക്രിസ്തീയ ഓട്ടം മതിയാക്കിയെങ്കിൽ ഞങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നതെന്തെന്നാൽ സ്നേഹവാനായ ദൈവ സന്നിധിയിലേക്കു നിങ്ങൾ തിരിച്ചു വരു എന്നാണ് (ലൂക്കൊസ് 15:20). പിൻമാററത്തിൽ ആയിരിക്കുന്നവർ മാറുവാൻ തീരുമാനമെടുക്കുക എന്നതാണ് പ്രതിവിധി (പ്രവൃത്തി 17:30). മാന

സാന്തരപ്പെട്ടു ക്ഷമാപണത്തിനായി ദൈവത്തോടു അപേക്ഷിക്കുക (പ്രവൃത്തി 8:22). പരസ്യമായ തെററ് പരസ്യമായി തന്നെ ഏററു പറയുക (1 യോഹന്നാൻ 1:9; യോശുവ 5:16).

അതെ, കൃപയിൽ നിന്നു വീണു പോകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെ നിത്യ നാശത്തിനിരയായി തീരാം. അതുകൊണ്ടു നിങ്ങളാരും ദൈവ കൃപയിൽ നിന്നു വീണു പോകത്തക്ക പ്രവൃത്തികൾ ചെയ്യാതിരിക്കുക. കൃപ സ്വീകരിക്കാത്തവർ വചനം ആവശ്യപ്പെടുന്നതു നിവർത്തിക്ക. കൃപ ലഭിച്ചവർ അന്ത്യത്തോളം അതു കാത്തു സൂക്ഷിക്കുക.

★

# മനുഷ്യനെ ഓർക്കേണ്ടതിനു അവൻ എന്തു മാത്രം ?

## W. A. ഹോളെ

ഈ ലേഖന വിഷയം സങ്കീർത്തന പുസ്തകം എട്ടാം അദ്ധ്യായത്തിൽ നിന്നാണ്. പുതിയ നിയമത്തിൽ എബ്രായ ലേഖകൻ യേശുക്രിസ്തുവിനെ കുറിച്ച് ഇതു പ്രസ്താവിക്കുന്നുണ്ട്.

ആരംഭത്തിൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, മനുഷ്യനു പ്രകൃതിയിൽ ആദരവ്, വാഴ്ച്ച, നായകത്വം, ഉത്തരവാദിത്വം എന്നിവ കൊടുത്തിരുന്നു (ഉല്പത്തി 1: 27, 28). അതുകൊണ്ടു പട്ടിയെക്കാളും പൂച്ചയെക്കാളും മനുഷ്യൻ ഉയർന്നു തന്നെ നില്ക്കുന്നു. മനുഷ്യൻ ഒററ ജാതിയാണ് (പ്രവൃത്തി 17:26). പുതിയ നിയമത്തിൽ പുരുഷനേയും സ്ത്രീയെയും തമ്മിൽ തിരിച്ചറിയേണ്ടതിനു ഉപയോഗിച്ചിരിക്കുന്ന പദമാണ് 'മനുഷ്യർ' എന്നതു

(ശേഷം 19-ാം പേജിൽ)

# ക്രിസ്തീയ ജീവിതം

**ജോണി രാംസെ**

ഭൗമിക യാത്രയുടെ പ്രശ്നോത്തരം കണ്ടെത്താൻ ക്രിസ്ത്യാനിത്വത്തിനപ്പുറമായി ഒരു വഴിയുമില്ല. നാം എന്തുകൊണ്ടു ഇവിടെ ആയിരിക്കുന്നു എന്നും നാം എവിടേക്കു പോകുന്നു എന്നതിനെ കുറിച്ചും നാം പലപ്പോഴും അത്ഭുതം കൂറാറുണ്ട്. യാക്കോബ് പറയുന്നതു: നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പ നേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞു പോകുന്നതുമായ ആവിയല്ലോ എന്നാണ് (യാക്കോബ് 4:14). ജീവനെ ആഗ്രഹിക്കയും ശുഭകാലം കാൺമാൻ ഇച്ഛിക്കയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ അധരത്തെയും അടക്കി കൊള്ളട്ടെ (1 പത്രൊസ് 3:10). എനിക്കു ജീവിക്കുന്നതു ക്രിസ്തു അത്രേ എന്നാണ് അപ്പൊസ്തലനായിരുന്ന പൌലൊസ് പറഞ്ഞതു (ഫിലിപ്പിയർ 1:21). ക്രിസ്തുവിന്നു വേണ്ടി ജീവിക്കുമ്പോഴാണ് ഒരു ജീവിതം യഥാർത്ഥത്തിൽ ഉദ്ദേശമുള്ളതായി തീരുന്നത്. നമ്മുടെ രക്ഷകൻ ഇതു വളരെ ഭംഗിയായി പ്രകടിപ്പിക്കയുണ്ടായി (യോഹന്നാൻ 10:10).

അവർക്കു ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നതു എന്നത്രേ കർത്താവു അരുളിച്ചെയ്തതു.

ഉദ്ദേശം എന്ന വാക്കിൽ, ധ്യാനം, തീരുമാനം, തീർച്ച, ആസൂത്രണം എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. നമ്മുടെ വീണ്ടെടുപ്പുകാരൻ ഇവയെല്ലാം നമുക്കു തരുന്നുണ്ട്. ജീവിതത്തിന്റെ സാരാംശം അതു നല്കുന്നുണ്ട്. ദാനിയേൽ, തന്നെത്താൻ മലിനമാക്കുകയില്ല എന്നു അവൻ തന്റെ ഹൃദയത്തിൽ ഉറപ്പിച്ചു (ദാനിയേൽ 1:8). ഹൃദയ നിർണ്ണയ

ത്തോടുകൂടെ കർത്താവിനോടു ചേർന്നു നില്ക്കുന്നവരാണ് യഥാർത്ഥ ക്രിസ്ത്യാനികൾ. മോശെയുടെ ഒരു പ്രസ്താവന ഈ അവസരത്തിൽ എടുക്കുന്നതു ഉചിതമായിരിക്കും. "ഈ ന്യായപ്രമാണത്തിലെ വചനങ്ങൾ ഒക്കെയും പ്രമാണിച്ചു നടക്കേണ്ടതിനു നിങ്ങൾ നിങ്ങളുടെ മക്കളോടു കല്പിപ്പാന്തക്കവണ്ണം ഞാൻ ഇന്നു നിങ്ങൾക്കു സാക്ഷീകരിക്കുന്ന സകല വചനങ്ങളും മനസിൽ വെച്ചുകൊൾക (ആവർത്തന പുസ്തകം 32:46). ഈ ലോക ജീവിതത്തിൽ നിന്നു നാം സമ്പാദിച്ച പണമോ പ്രസിദ്ധിയോ ഒന്നും എടുത്തു കൊണ്ടുപോകാൻ സാദ്ധ്യമല്ല. എന്നാൽ നീതിയുടെ സ്വാധീനം നമുക്കു കൊണ്ടുപോകാൻ കഴിയും. നാം അന്ത്യ നാളിൽ കർത്താവിൻെറ സന്നിധിയിൽ നില്ക്കുമ്പോൾ, നാം ഭൂമിയിൽ എങ്ങനെ ജീവിച്ചു എന്നതു പ്രാധാന്യമുള്ളതായി തീരുന്നു. നിങ്ങൾ ഒരു ക്രിസ്ത്യാനിയല്ലെങ്കിൽ ജീവിക്കുവാനുള്ള പ്രേരണാ ശക്തി നിങ്ങളിൽ കുറവായിരിക്കും.

ധനികന്മാർ ആകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാര നാശങ്ങളിൽ മുങ്ങി പോകുവാൻ ഇട വരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായി തീരുകയും ചെയ്യുന്നു (1 തിമൊഥെയൊസ് 6:9).

ജീവിതത്തിൻെറ യഥാർത്ഥ ഉദ്ദേശം വാസ്തവമായി നല്കുന്നതു ക്രിസ്ത്യാനിത്വത്തിൽ മാത്രമാണ്. ഈ ലോകം മുഴുവനും എടുത്തു നോക്കിയാലും യേശുക്രിസ്തുവിനോളം വരികയില്ല. നമുക്കു വ്യക്തി പരമായി ശക്തനായ ഒരു രക്ഷകനാണുള്ളത്. അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എൻെറ ഉപനിധി അവസാനം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു (2 തിമൊഥെയൊസ് 1:12). ക്രിസ്തു നമ്മിൽ ജീവിക്കുന്നുവെങ്കിൽ നമുക്കു മ

ഹത്വത്തിന്റെ പ്രത്യാശയുണ്ട് എന്നർത്ഥം (ഗലാത്യർ 2:20; കൊലൊസ്യർ 1:27). നമ്മുടെ ആവശ്യങ്ങൾ എല്ലാം നിറവേററുവാൻ താല്പര്യമുള്ളവനാണ് നമ്മുടെ പാപങ്ങൾ എല്ലാം തന്റെ ശരീരത്തിൽ വഹിച്ചു ക്രൂശിൽ മരിച്ചത് നമ്മുടെ ദുഃഖത്തിൽ, രോഗത്തിൽ, നിരാശയിൽ എല്ലാം അവൻ നമ്മുടെ ആശ്വാസദായകനാണ്. നമ്മുടെ തുടർച്ചയായ നല്ല ഇടയനാണവൻ. താങ്കൾ ഒരു ക്രിസ്ത്യാനിയാണോ ?

## ജീവിതം എന്നാൽ എന്ത് ?

രക്ഷകൻ സ്വർഗ്ഗം വിട്ട് ഈ ഭൂമിയിൽ വന്നില്ലായിരുന്നെങ്കിൽ ക്രിസ്ത്യാനിത്വത്തിലെ വിലയുള്ള അനേക കാര്യങ്ങൾ കൃപയാൽ ലഭിക്കുമായിരുന്നില്ല. സുവിശേഷയുഗത്തിലെ ആഴമേറിയ ധനം കൂടാതെ നമ്മുടെ ദൈനന്തിന ജീവിതം അർത്ഥ ശൂന്യമാകുമായിരുന്നു. പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ ഉജ്ജ്വല പ്രഭാവത്തോടു നാം വളരെയധികം കടപ്പെട്ടിരിക്കുന്നു. മശിഹ തരുന്നതുമായി ഈ ലോകത്തിലെ മഹത്തായ എന്തും താരതമ്യം ചെയ്താൽ ലൗകികമായതു ഒന്നുമല്ല എന്നു കാണാം. വിശ്വസ്തരായി ജീവിച്ച ദൈവ മക്കൾ എല്ലാം പാടിയതും പറഞ്ഞതും ഒന്നേ ഒന്നു മാത്രം ലോകത്തെ എടുത്തുകൊള്ളു, ക്രിസ്തുവിനെ ഞങ്ങൾക്കു തരു'' എന്നാണത്.

ക്രിസ്തുവിന്നപ്പുറമായി ജീവിതത്തിന്റെ ശരിയായ ഉദ്ദേശം കണ്ടെത്താൻ ശ്രമിക്കുന്നതു വെറുതെയാണ്. കർത്താവും സ്വർഗ്ഗീയ സന്ദേശവും നമ്മിൽ പ്രവേശിക്കുമ്പോഴാണ് നമ്മുടെ ചിന്ത നേർവഴിക്കു തിരിയുന്നത്. സാങ്കല്പികത്വത്തിൽ നിന്നു ലക്ഷ്യ ബോധത്തിലേക്കു മാറുന്നതു അപ്പോഴാണ്. വീണ്ടെടുപ്പുകാരൻ വഴി നടത്തി നമ്മെ എല്ലാം പുതുതാക്കിയ സ്ഥലത്തേക്കു കൊണ്ടു പോകുന്നു (വെളിപ്പാട് 21:1-5).

ഈ ഭൂമിയിലെ നമ്മുടെ ജീവിത യാത്രയിൽ യേശുവിന്റെ സംഭാവനകൾ ആയി പറഞ്ഞിരിക്കുന്ന ധാരാളം കാര്യങ്ങൾ ഉണ്ട് (1 പത്രോസ് 2:11). അതു സ്വീകരിക്കുവാൻ നിങ്ങളും തയ്യാറാകുക.

1. എല്ലാ ആത്മീയ അനുഗ്രഹങ്ങളും - എഫെസ്യർ 1:3
2. പുതിയ ജീവനുള്ള വഴി - എബ്രായർ 10:20
3. നമ്മുടെ തികഞ്ഞ മാതൃക - എബ്രായർ 4:15
4. പാപത്തെ സ്പഷ്ടമായി നിർവ്വചിച്ചു - യോഹന്നാൻ 15:22
5. രക്ഷ പൂർണ്ണമായി - എബ്രായർ 7:25
6. സാത്താനെ പരാജയപ്പെടുത്തി - യോഹന്നാൻ 12:31-33
7. സ്വർഗ്ഗം പ്രവേശിക്കത്തക്കതായി - എബ്രായർ 6:18-20
8. പാപികളെ വിശുദ്ധന്മാരാക്കി - 1 തിമൊഥെയൊസ് 1:15
9. നമ്മിൽ ദൈവത്തിന്റെ കൃപ - 1 കൊരിന്ത്യർ 15:10
10. ഒരിക്കലും നമ്മെ ഉപേക്ഷിക്കാത്തവൻ - എബ്രായർ 13:5-6

നാം ഈ സത്യത്തെ തിരിച്ചറിയുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്താണെന്നു ബോധ്യപ്പെടുന്നത്. ജീവിതം എന്നാൽ എന്താണെന്നു നമ്മെ പഠിപ്പിച്ചതു നമ്മുടെ രക്ഷകനാണ്. കോടിക്കണക്കിനു ആളുകൾ ഈ ഭൂമിയിൽ ജീവിച്ചു കടന്നു പോയിട്ടുണ്ട്. രക്ഷകനെ കൂടാതെ ജീവിച്ചവർക്കും ജീവിക്കുന്നവർക്കും പ്രത്യാശയില്ല. ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും പ്രത്യാശ നല്കുന്ന ദൈവത്തിനു സ്തോത്രം.

★

14-ാം പേജിൻെറ തുടർച്ച)

(1 കൊരിന്ത്യർ 11:7; മർക്കൊസ് 10:2). പുരുഷനെയും സ്ത്രീയെയും സൂചിപ്പിച്ചിരിക്കുന്ന പദമാണ് "ആന്ത്രോപോസ്" (മത്തായി 4:4; ലൂക്കൊസ് 6:22; യോഹന്നാൻ 2:25).

മനുഷ്യ ഹൃദയത്തിൽ ദൈവം നിത്യത വെച്ചിരിക്കുന്നു (സഭാപ്രസംഗി 3:11). മൃഗങ്ങളിൽ നിന്നു വ്യത്യസ്തമായി മനുഷ്യർക്കുള്ള കഴിവു എടുത്തു പറയാവുന്നതാണ്. അവർക്കു പദ്ധതി മനസിൽ നിരൂപിക്കാൻ കഴിയും, ഭാവിയിലേക്കു ഉററുനോക്കാൻ പററും, തൻെറ പ്രവൃത്തികളുടെ അനന്തര ഫലത്തെ കുറിച്ചു ചിന്തിക്കാൻ സാധിക്കും. മൃഗങ്ങൾക്കൊന്നിനും ഈ കഴിവില്ല. ഒരേ സ്വഭാവമുള്ളതെങ്കിലും ബൈബിളിൽ നിത്യത എന്ന വാക്ക് അവസാനമില്ലാത്ത ഭൂതകാലത്തെയും അന്തമില്ലാത്ത ഭാവിയെയും സൂചിപ്പിക്കുന്നു.

മനുഷ്യൻ ദൈവത്തിൻെറ സന്താനമാണ് (പ്രവൃത്തി 17:29). മനുഷ്യൻെറ ആത്മാവിൻെറ പിതാവാണ് ദൈവം (എബ്രായർ 12:9). മനുഷ്യൻ പൂർണ്ണമായും ജഡമല്ല മനുഷ്യനു ആത്മാവും ശരീരവും ഉണ്ട്. ശരീരത്തിനപ്പുറമായി ആത്മാവിനു ജീവിക്കാൻ കഴിയും (2 കൊരിന്ത്യർ 12:1-10; മത്തായി 10:28). ചില ഭൗതിക വാദികൾ പറയുന്നതുപോലെ മനുഷ്യൻെറ ശ്വാസമല്ല അവനിലെ ആത്മാവ് (ലൂക്കൊസ് 11:24-26). യേശു ഒരിക്കൽ ഒരാളിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കി. അവൻ പോയി അവനോടുകൂടെ വസിക്കേണ്ടതിനു അവനേക്കാൾ മോശമായ ഏഴ് ആത്മാക്കളെ കൂട്ടിവരുത്തുന്നുണ്ട് (മത്തായി 12:43-45). ഇതിനു അനുബന്ധമായി യാക്കോബ് രണ്ടാം അദ്ധ്യായം ഇരുപത്താറാം വാക്യം കൂടെ വായിക്കുക.

മരിക്കുമ്പോൾ ശരീരം മണ്ണോടു ചേരുകയും ആത്മാവ്, അതു നല്കിയ ദൈവത്തിങ്കലേക്കും ചെല്ലേണ്ടതാകുന്നു (സഭാപ്രസംഗി 1:6-7). അക്ഷയമായ ആത്മാവാണ് മനുഷ്യരിൽ ദൈവം നല്കുന്നതു (1 പത്രൊസ് 3:4; മത്തായി 10:28; ദാനിയേൽ 7:15; സെഖര്യാവ് 12:1). പാരമ്പര്യമായ പൂർണ്ണ അധമത്വം തെററായ ആശയമാണ് (യെഹസ്കേൽ 28:15). ഒരിക്കലും പ്രായം ചെല്ലാത്ത ഒരു ആന്തരിക മനുഷ്യനുണ്ട് (2 കൊരിന്ത്യർ 4:16-18). ഒരാളുടെ ഭൗതിക ശരീരം മരിക്കുന്നു. എന്നാൽ ആത്മാവ് ഒന്നുകിൽ നിത്യമായി സ്വർഗ്ഗത്തിൽ അല്ലെങ്കിൽ നിത്യമായി നരകത്തിൽ ചെലവഴിക്കേണ്ടിവരും (മത്തായി 10:28; യാക്കൊബ് 2:26).

ദൈവ നീതിയിൽ ജീവിച്ച വ്യക്തിയുടെ ആത്മാവ് സ്വർഗ്ഗത്തിലേക്കു പോകുമോ ? തീർച്ചയായും പോകും. യേശു സ്വർഗ്ഗത്തിൽ നിന്നിറങ്ങി വന്നു (യോഹന്നാൻ 6:38) താൻ ഈ ലോകത്തിലേക്കു എവിടെ നിന്നു വന്നുവോ അവിടേക്കു തന്നെ സ്വർഗ്ഗാരോഹണത്തിനുശേഷം പോയി (യോഹന്നാൻ 6:62; പ്രവൃത്തി 1:9-11). മരണം ആസന്നമായിരിക്കുന്നുവെന്നറിഞ്ഞ പൌലൊസ് രേഖപ്പെടുത്തിയതു: വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടു കൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ട് എന്നത്രെ (ഫിലിപ്പിയർ 1:23). ക്രിസ്തു ദൈവത്തിൻെറ വലത്തു ഭാഗത്തിരിക്കുന്നതു സ്തെഫാനൊസ് കണ്ടു (പ്രവൃത്തി 7:55-56). ശരീരം വിട്ടാലോ ക്രിസ്തുവിനോടുകൂടെ ആകാൻ കഴിയുന്നവരാണ് ഭാഗ്യവാന്മാർ (2 കൊരിന്ത്യർ 5:6-8).

ക്രിസ്തുവിൽ നിദ്ര പ്രാപിച്ചവരെ അവൻ തൻെറ രണ്ടാമത്തെ വരവിൽ മടക്കി വരുത്തും (എബ്രായർ 9:28. 1 തെസ്സലൊനിക്യർ 4:13-17). നീതിമാന്മാരായി അന്നു ജീവനോടെയിരിക്കുന്നവർക്കു രൂപാന്തരം സംഭവിക്കും; അവർ യേശുവിനെ പോലെ ആകും, തേജസ്കരിക്കപ്പെട്ട ശരീരത്തോടു ആത്മാവു യോജിക്കുകയും ആകാശത്തി

ൽ അവനെ എതിരേല്പാൻ എടുക്കപ്പെടുകയും ചെയ്യും. അങ്ങനെ അവർ എന്നേക്കും കർത്താവിനോടുകൂടെ വസിക്കും (1 തെസ്സലൊനിക്യർ 4:13-17; 1 കൊരിന്ത്യർ 15:51-55). അതെങ്ങനെ എന്നു ചോദിക്കേണ്ട ആവശ്യമില്ല. വിശ്വാസത്താൽ അതു സ്വീകരിക്കുക മാത്രമാണ് ചെയ്യേണ്ടത് (എബ്രായർ 11:3; 2 കൊരിന്ത്യർ 5:7).

മരണത്തിനും ഉയിർപ്പിനും ഇടയ്ക്കു ആത്മാവു ബോധമുള്ള അവസ്ഥയിൽ ആയിരിക്കുമോ ? ആത്മാവിനു ഇപ്പോഴും തന്നെ ബോധം ഉണ്ട്. മനുഷ്യനിലുള്ളത് അവനിലെ മനുഷ്യാത്മാവല്ലാതെ മനുഷ്യരിൽ ആർ അറിയും ? അവ്വണ്ണം തന്നെ ദൈവത്തിലുള്ളതു ദൈവാത്മാവല്ലാതെ ആരും ഗ്രഹിച്ചിട്ടില്ല (1 കൊരിന്ത്യർ 2:11). ലൂക്കൊസ് 16.19-31 വായിച്ചാൽ ധനവാനും ലാസറും അവരുടെ മരണ ശേഷം ബോധമുള്ളവരായിരുന്നു എന്നു മനസ്സിലാകും. മറുരൂപ മലയിൽ വെച്ച് മോശെയും ഏലിയാവും യേശുവിനോടു സംസാരിക്കുന്നതു കാണപ്പെടുകയുണ്ടായി (മത്തായി 17:1-5; ലൂക്കൊസ് 9:28-38).

ദൈവം ആത്മാവാകുന്നുവല്ലോ. അവൻ മനസ്സിലാക്കുകയും അറിയുകയും ബോധ പൂർവ്വം പ്രവർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ പ്രവർത്തികൾക്കു അവൻ പ്രതിഫലവും നല്കുന്നു (2 കൊരിന്ത്യർ 5:10; സഭാപ്രസംഗി 12.13-14). പരിശുദ്ധാത്മാവ് വിശുദ്ധന്മാർക്കു വേണ്ടി സദാ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു. എങ്കിലും ആത്മാവിനു ജഡ ശരീരമില്ല (റോമർ 8:26-27). യേശു ശരീരം വിട്ടു പോയെങ്കിലും ബോധ പൂർവ്വം സകല അധികാരവും ആധിപത്യവും അവൻ നടത്തുന്നു (മത്തായി 28.18-20).

ശരീരം എപ്പോഴാണ് ഉയിർക്കപ്പെടുന്നത് ? പൊതുവായ പുനരുത്ഥാന സമയത്ത് നന്മ ചെയ്തവരും തിന്മ ചെയ്തവരും പുനരുത്ഥരിക്കുന്ന നാഴികയിൽ തന്നെ

യോഹന്നാൻ 5.28-29). അന്ത്യനാളിലെ കാഹള ധ്വനി കേ ൾക്കുമ്പോൾ മരിച്ചവരുടെ പുനരുത്ഥാനം സംഭവിക്കും (1 കൊരിന്ത്യർ 15:51-52). കാഹള നാദത്തിനു ശേഷം ഒ രു ആയിരം ആണ്ട് വാഴ്ച്ച ഈ ഭൂമിയിൽ ഇല്ല. ഉയിർപ്പ് അന്ത്യനാളിലാണ് നടക്കുന്നത് (യോഹന്നാൻ 6.39-40). അന്ത്യനാൾ ന്യായവിധി നാൾ കൂടെയാണ് നമുക്കെങ്ങനെ അറിയാം ? കർത്താവു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. ''എൻെറ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്ന വനെ ന്യായം വിധിക്കുന്നവൻ ഉണ്ട്, ഞാൻ സംസാരിച്ച വ ചനം തന്നേ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധി ക്കും'' (യോഹന്നാൻ 12:48). അങ്ങനെ ന്യായവിധി അ ന്ത്യനാളിലാണ്. ഇതിനെ സംബന്ധിച്ച വിശദ വിവരം രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 25:31-46). അന്ത്യനാ ളിനു ശേഷം ചിലർ വിചാരിക്കുന്നതുപോലെ ഒരു ആയി രം ആണ്ടു വാഴ്ച്ച ഇവിടെ ഇല്ല.

ഹർഷോന്മാദ കാലം എന്നൊന്നു ബൈബിളിൽ ഇല്ല. യേശുക്രിസ്തു വരുമ്പോൾ ഈ ഭൂമിയിലെ വ്യവസ്ഥ ക്കു മാററം വരുത്തും എന്നാണ് വളരെ പേർ കരുതുന്ന ത്. അത്തരം വിശ്വാസവും ഉപദേശവും തെററാണ്. കർ ത്താവു വരുമ്പോൾ, അന്നു ആകാശം കൊടുമ്മുഴക്കത്തോ ടെ ഒഴിഞ്ഞു പോകും മൂല പദാർത്ഥങ്ങൾ കത്തിയഴിക യും ഭൂമിയും അതിലുള്ള പണികളും വെന്തു പോകയും ചെയ്യും (2 പത്രോസ് 3:10). ഓരോരുത്തൻെറ പ്രവൃത്തി ക്കു തക്കവണ്ണമുളള ന്യായവിധിയാണ് നടക്കുന്നത് (വെളി പ്പാട് 20:11-14).

(ശേഷം അടുത്ത ലക്കത്തിൽ)

★

# എങ്കിൽ എന്ത്

## ജെറി-മനാസ്ക്കോ

നാം എപ്പോഴും ഉപയോഗിക്കാറുള്ള പദമാണല്ലോ ഇത്. മഹത്തരമായ പ്രഖ്യാപനം നടത്തിയിട്ട് അതിന്റെ ഫലത്തെ കുറിക്കുന്നതിനു ആശ്ചര്യം സൂചിപ്പിക്കുന്നതിനു ഉപയോഗിക്കുന്ന വാക്കുകളാണിത്. ആത്മീയ തലത്തിലും ഈ ചോദ്യം വീണ്ടും വീണ്ടും ആവർത്തിക്കുന്നതാണ്.

എല്ലാ ഉപദേഷ്ടാക്കന്മാരും ബൈബിളിലെ ദൈവത്തിന്റെ അരുളപ്പാടുകളെ മാത്രം പ്രസംഗിക്കുകയാണെങ്കിൽ എന്തായിരിക്കും ഫലം ? എല്ലാവരും നാമധേയ ചിന്താഗതികളെ പൂർണ്ണമായി തള്ളികളയുകയാണെങ്കിൽ എന്തായിരിക്കും സംഭവിക്കുക ? പുതിയ നിയമത്തിലെ ഉപദേശം മാത്രം എല്ലാവരും കേൾക്കുകയും അനുസരിക്കുകയും ചെയ്താൽ ഫലം എന്തായിരിക്കുമെന്നോ ? ക്രിസ്ത്യാനികൾ മാത്രമായി തീരും. ദൈവ വചനം വിത്താണ് (ലൂക്കൊസ് 8:11). ആദിമ ക്രിസ്ത്യാനികൾ പോയ സ്ഥലങ്ങളിൽ എല്ലാം വചനം പ്രസംഗിച്ചു (പ്രവൃത്തി 8:4). ഫിലിപ്പൊസ്, യേശുവിനെ പററി പ്രസംഗിച്ചു (പ്രവൃത്തി 8:35). പൌലൊസ് പ്രസംഗിച്ചതു ക്രിസ്തുവിന്റെ സുവിശേഷം ആയിരുന്നു (റോമർ 1:12,16). നാമധേയ വിഭാഗത്തിലുള്ളവർ പറഞ്ഞു കേൾക്കാറുള്ള പ്രസ്താവന: ''ഞങ്ങൾ നാമധേയ വിഭാഗത്തെയല്ല പ്രസംഗിക്കുന്നത്, ക്രിസ്തുവിനെയാണ്''. ക്രിസ്തുവിനെ പ്രസംഗിച്ചാൽ എങ്ങനെ നാമധേയ വിഭാഗം ഉടലെടുക്കും? ഒരിക്കലുമില്ല. ബൈബിളിൽ നാമധേയ വിഭാഗ സിദ്ധാന്തമോ നാമധേയ വിഭാഗങ്ങളോ ഇല്ല എന്നതാണ് സത്യം.

കുട്ടികളുടെ സൺഡേ ക്ലാസുകൾ ഒഴിച്ചുള്ള ബൈബിൾ ക്ലാസുകളിൽ നടക്കേണ്ടതു ഗൗരവമായ പഠനമായിരിക്കണം.

തിരുവെഴുത്തിൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സ ത്യം കണ്ടെത്തണം. യുവതീയുവാക്കളെ ആകർഷിക്കുന്ന തിനോ ആളുകളെ രസിപ്പിക്കുന്നതിനോ വേണ്ടിയുള്ള പൊ ടിപ്പും തൊങ്ങലും ചേർത്തുള്ള പഠനമല്ല, നിർമ്മലമായ സത്യം മാത്രം പഠിപ്പിക്കണം. ബൈബിൾ പ്രബോധന ങ്ങൾ, ക്രിസ്തുവിൻെറയും അപ്പൊസ്തലന്മാരുടെയും മാതൃക പിൻ പററണം. തിരുവചനത്തിൽ അവിടെയും ഇവിടെയുമായി കിടക്കുന്ന നിത്യസത്യത്തെ പരിശോധി ക്കുകയാണ് നാം ചെയ്യേണ്ടതു. ദൈവിക കാര്യങ്ങൾ ദൈ വത്തിൻെറ പരിജ്ഞാനത്തിൽ വേണം നാം ഗ്രഹിക്കുവാൻ. ഒരു ക്രിസ്ത്യാനിയുടെ ആത്മീയ വളർച്ചക്കു വചന പഠ നം അത്യന്താപേക്ഷിതമാണ് (പ്രവൃത്തി 17:11). ഏ തൊരാളുടേയും സംശയത്തിനും ചോദ്യത്തിനും സൗമ്യത യോടെ ശരിയായ മറുപടി കൊടുക്കാൻ കഴിയണമെങ്കിൽ ദൈവ വചനത്തെ ശരിയായി പഠിച്ചിരിക്കണം. സന്ദർഭ ത്തെ മാററി നിർത്തിയുള്ള പഠനം മറക്കരുത്. സന്ദർഭത്തെ മുൻനിർത്തി വേണം വേദഭാഗം പഠിക്കുവാൻ. എല്ലാവരും ഇതിനു തയ്യാറായെങ്കിൽ എത്ര നന്നായിരുന്നു!

ബൈബിൾ പഠിപ്പിക്കുന്ന അദ്ധ്യാപകൻ ശരിയായ തയ്യാറെടുപ്പോടെ വേണം ക്ലാസ് എടുക്കുവാൻ. ഏതു വിഷയമായാലും പുസ്തകമായാലും പഠിപ്പിക്കുന്ന കാര്യ ങ്ങളിൽ ഉറപ്പും നിശ്ചയവും ഉണ്ടായിരിക്കണം. ക്ലാസി ൽ ഉയരാനിടയുള്ള ചോദ്യങ്ങൾക്ക് മറുപടി കൊടുക്കാൻ ഉ പദേഷ്ടാവിന്നു കഴിയണം. ആരെങ്കിലും പഠിപ്പിച്ചതു അങ്ങനെ തന്നെ പറയാൻ ശ്രമിച്ചാലും അതിൽ വിജയം നേ ടണമെങ്കിൽ ശരിയായി പഠിച്ചിട്ട് വേണം പഠിപ്പിക്കുവാൻ. സ്വന്തമായ പഠനം കൂടാതെ ആരും പഠിപ്പിക്കരുത്. യേശു ക്രിസ്തുവിൻെറ ഉപദേശം ലഭിച്ചവരായിരുന്നു അപ്പൊ സ്തലന്മാർ. അവർ പഠിപ്പിക്കുമ്പോൾ ആളുകളുടെ സം ശയ നിവാരണം വരുത്തിയിരുന്നത് ശ്രദ്ധിക്കുക. അവർ ദൈവാത്മാവിനാൽ നയിക്കപ്പെട്ടിരുന്നു. എന്നാൽ നമു

ക്ക് പൂർണ്ണമായി വെളിപ്പെടുത്തിയ ബൈബിൾ ഉണ്ടല്ലോ. നാം ചെയ്യുന്ന പ്രവൃത്തിയിൽ സത്യസന്ധത പുലർത്തണം. യഥാർത്ഥ ഉപദേഷ്ടാക്കന്മാർ ദൈവ വചനം ശരിയായി പഠിച്ചശേഷം അതു മററുള്ളവരെ അറിയിക്കും.

സഭയിലെ എല്ലാ അംഗങ്ങളും ഞായറാഴ്ച്ചയിലെ ആരാധനക്കും ഇടക്കുള്ള ബൈബിൾ ക്ലാസിനും മററു മീററിങ്ങുകൾക്കും സംബന്ധിക്കുമെങ്കിൽ എന്തുണ്ടാകും? ആരും മറെറാന്നിനും അവരുടെ സമയം മാററി വെക്കാതിരിക്കയാണെങ്കിൽ അതു സംഭവിക്കും. കർത്താവിനോടും അവൻെറ സഭയോടും എല്ലാവരും ആത്മാർത്ഥത പുലർത്തിയാൽ സഭ വളർന്നുകൊണ്ടേയിരിക്കും. സഭയിലെ എല്ലാ അംഗങ്ങളും സുവിശേഷം പറയുകയാണെങ്കിലോ എല്ലാവരും വീടുകൾ തോറും വചനം പറയുകയാണെങ്കിലോ ആത്മാക്കൾ വർദ്ധിക്കും. പൂർണ്ണ മനസ്സോടെ എല്ലാവരും സഹോദര പ്രീതിയിൽ ഉററിരുന്നാൽ ലോകത്തുള്ളവർ കർത്താവിൻെറ രക്ഷ സ്വയം സ്വീകരിക്കും. ദൈവത്തോടും സഭയോടും എല്ലാവർക്കും ഒരേ മനോഭാവം ആണ് ഉള്ളതെങ്കിൽ സഭ ഉയരും; പ്രസിദ്ധമാകും.

ലോകത്തിലുള്ള ആളുകളിൽ നിന്നും വളരെ വ്യത്യാസമുള്ളവരാണ് സഭയിലുള്ള അംഗങ്ങൾ എല്ലാം എങ്കിൽ എന്തായിരിക്കും ഫലം എന്നു ചിന്തിക്കുക. ഇതിൻെറ അർത്ഥം നാം മതഭ്രാന്തന്മാരായി തീരണമെന്നോ അമിതവാദികളായി തീരണമെന്നോ അല്ല. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും അങ്ങനെ ആയിരുന്നില്ല. അവർ സാമൂഹ്യ വിരുദ്ധരും ആയിരുന്നില്ല. അവരുടെ നടപടികളിൽ അതീവ വിശുദ്ധരെന്നു ഭാവിച്ചുമില്ല. എന്നാൽ അവരുടെ വിശ്വാസത്തിനൊത്തവണ്ണം അവർ ജീവിച്ചു. ലൗകിക വസ്തുക്കളോടുള്ള ഭ്രമം ഉപേക്ഷിക്കുവാനാണ് കൃപയുടെ വചനം നമ്മെ പഠിപ്പിക്കുന്നത്. ദൈവ നീതി ലക്ഷ്യമാക്കിയായിരിക്കണം നാം ജീവിക്കുവാൻ (തീത്തൊസ് 2: 11-15). അപ്പൊസ്തലനായിരുന്ന പൌലൊസ് ചെയ്

തിരുന്നതാണ് (ഫിലിപ്പിയർ 2:15-16; എഫെസ്യർ 5:9-13). ബൈബിൾ ക്ലാസിലെ പഠനത്തിൽ നിന്നോ ഞായറാഴ്ച്ചയിലെ പ്രസംഗത്തിൽ നിന്നോ ലഭിച്ച വചനത്തിലെ പ്രസ്താവനകൾ തുടർന്നുള്ള ജീവിതത്തിൽ എല്ലാവരിലും അതു കണ്ടെത്തിയാൽ എത്ര സന്തോഷം നമുക്കുണ്ടാകും!

സഭയിലുള്ളവർ ആരും ഉപദേഷ്ടാവിനെ കുററപ്പെടുത്താതെ സഭയുടെ വളർച്ചക്കു വേണ്ട പ്രായോഗിക സഹകരണം എല്ലാ അംഗങ്ങളും നല്കുകയാണെങ്കിലോ ? ഫലം പ്രോത്സാഹന ജനകമായിരിക്കും. എല്ലാവരേയും നില നിർത്തുവാനും എല്ലാവരോടും സുവിശേഷം അറിയിക്കുവാനുമുള്ള ഉത്തരവാദിത്വം ഉപദേഷ്ടാവിൽ മാത്രമല്ല, എല്ലാ അംഗങ്ങളിലും നിക്ഷിപ്തമാണ് എന്നു എല്ലാവരും ഓർമ്മിക്കണം. സഭയിലെ അപ്പന്മാരും അമ്മമാരും സഹോദരന്മാരും സഹോദരിമാരും അവരവരുടെ കടമകൾ ഒഴിവു കഴിവു പറയാതെ ചെയ്താൽ എന്താണ് കുഴപ്പം ? എല്ലാവരും ബൈബിളിലെ ദൈവ ദാസന്മാരുടെ മാതൃക പിൻപററണം, മക്കളെ കർത്താവിന്റെ വഴിയിൽ കൂടെ മാത്രം നടത്തുവാൻ അവരെ ശീലിപ്പിക്കേണ്ടതു അപ്പനും അമ്മയുമാണ് (എഫെസ്യർ 6:4; തീത്തോസ് 2:4-5).

ആത്മാക്കൾ പാപത്തിൽ നശിച്ചു പോകുന്നു എന്ന ചിന്ത എല്ലാ അംഗങ്ങളും മനസിൽ സംഗ്രഹിച്ചു പ്രവർത്തിച്ചാൽ ആത്മാക്കൾ രക്ഷ പ്രാപിക്കും. ഒരു പ്രദേശത്തുള്ള കർത്താവിന്റെ സഭ ആ സമൂഹത്തിലെ ആത്മാക്കളെ നേടിക്കൊണ്ടിരുന്നാൽ ആ സമൂഹം പുരോഗമിക്കും, അവരുടെ നാശം ഒഴിവായിക്കിട്ടും. പിൻമാററത്തിലായിരിക്കുന്നവരെ എല്ലാം തിരിച്ചു കൊണ്ടു വരുവാൻ സഭയിലുള്ളവർ എല്ലാവരും ശ്രമിക്കുകയാണെങ്കിൽ നഷ്ടപ്പെട്ട അവരുടെ രക്ഷാ സന്തോഷം അവർക്കു തിരിച്ചു കിട്ടുകയില്ലേ ?

(ശേഷം അടുത്ത ലക്കത്തിൽ)

★

# കർത്തൃമേശ സമയത്തു നമ്മുടെ ചിന്തകൾ കർത്താവിൽ സൂക്ഷിക്കുക

## നീൽ പൊളാർഡ്

കർത്തൃമേശ ഒരു പവിത്രമായ സ്ഥാപനമാണ്. മഹത്തായ ഓർമ്മകൊണ്ടാടുന്ന ഒന്നാണത്. മറേറതൊരു സമയത്തേക്കാളും മാഹാത്മ്യമുള്ള സമയമാണത്. യേശുവിൻെറ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ സ്മരിക്കുന്ന സന്ദർഭമാണ് അത്. കലങ്ങി മറിഞ്ഞ അന്തരീക്ഷത്തിൽ മനസിനെ ഏകാഗ്രതയിൽ നിലനിർത്തുക എന്ന ഭാരിച്ച ഉത്തരവാദിത്വം അതെടുക്കുന്നവർക്കുണ്ട്. കർത്തൃമേശ എന്നതു സംഘടിതമായി ചെയ്യേണ്ടതാണ്. ഒന്നാം നൂററാണ്ടിൽ കർത്താവിൻെറ ശിഷ്യന്മാർ അപ്പം നുറുക്കുവാൻ കൂടിവന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. വ്യക്തിപരമായി ഓരോ അംഗത്തിനും ഇതിൽ പങ്കുണ്ട്. സ്വയമായി സ്വീകരിക്കേണ്ടതുമാണ്. കർത്തൃമേശ എടുക്കുമ്പോൾ, മനുഷ്യ രക്ഷകൻെറ ഓർമ്മ, എടുക്കുന്ന ആളിൽ എത്രമാത്രം സൂക്ഷിക്കാൻ കഴിയുന്നുണ്ട് എന്നു ചിന്തിക്കണം. ഈ വിരുന്നിൻെറ പ്രാധാന്യത്തെ ഓർമ്മിച്ച് ശ്രദ്ധയോടെ വേണം ഇതെടുക്കുവാൻ എന്നു പറയാൻ കാരണം എന്താണെന്നും അറിഞ്ഞിരിക്കേണ്ടതാണ്.

### ശോധന

മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽ നിന്നു കുടിക്കയും ചെയ്‌വാൻ (1 കൊരിന്ത്യർ 11:28). ആരാധനക്കു വരുന്ന വ്യക്തി തന്നെത്താൻ തെളിയിക്കേണം. ഒരു ക്രിസ്ത്യാനി തൻെറ മാനസികാവസ്ഥ സൂക്ഷിക്കണം. യേശു അനുഭവിച്ച കഷ്ടത, ക്രൂശിലെ ദാരുണ മരണം എന്നിവ

തന്റെ പാപത്തിനു വേണ്ടിയായിരുന്നു എന്ന ചിന്തയായിരിക്കണം ആ സമയത്തു ഉണ്ടാകേണ്ടത്. ഉയിർപ്പിനാൽ അവൻ കൈവരിച്ച ജയത്താലത്രെ നമുക്ക് ഈ വിരുന്നു അനുഭവിക്കാൻ സാദ്ധ്യമാക്കി തീർത്തത്. ആ ഒരു കടവും നന്ദിയും നമ്മുടെ മനസിൽ ഉണ്ടാകണം. ദൈവത്തിന്റെ ആഴമേറിയ സ്നേഹം കൊണ്ടാണ് നമുക്കായി യേശു പ്രായശ്ചിത്ത ബലിയായി തീർന്നത്. അതിനാൽ നമുക്കു നിരപ്പിന്റെ പ്രത്യാശ ലഭിച്ചു. ആ രക്ഷകനെ ആദരിക്കാത്ത വിധം നമ്മുടെ സ്വഭാവത്തിലോ, ഇടപാടിലോ, ചിന്തയിലോ തെറ്റുകൾ സംഭവിച്ചിട്ടുണ്ടാകാം. അതിനാണ് ആത്മ ശോധന നടത്തേണ്ടത്. സ്വയ ഹിത പരിശോധനയാണ് ആവശ്യം.

## മറക്കൽ

കർത്തൃമേശ സമയത്ത് ഒരാളുടെ മനസിൽ നിന്നു ദൈനന്ദിന കാര്യങ്ങളെ കുറിച്ചുള്ള ചിന്ത മറന്നു കളയണം. നിത്യമായതും ആത്മിയമായതുമായ പ്രാധാന്യമുള്ള കാര്യത്തിൽ ശ്രദ്ധ ചെലുത്തുമ്പോൾ മറ്റൊന്നും നമ്മുടെ മനസിലേക്കു കടന്നു വരരുത്. ക്രൂശിലെ സംഭവം ഒഴിച്ച് മറ്റെല്ലാം ആ സമയത്തു നമ്മുടെ ഹൃദയത്തിൽ നിന്നും അകററി നിർത്തണം. ആ സമയം കർത്താവിന്നായി നീക്കി വെക്കണം.

## കൂട്ടായ്മ

ഒരു ക്രിസ്ത്യാനി കർത്തൃമേശ എടുക്കുമ്പോൾ, സഭായോഗത്തിൽ പങ്കെടുക്കുന്ന മററു വിശുദ്ധന്മാരും അതെടുക്കുന്നുണ്ട്. ഇതു ഒരു പ്രത്യേക കൂട്ടായ്മയുടെ സമയമാണ് (പ്രവൃത്തി 2:42). കർത്തൃ ദിവസത്തിൽ ലോകത്തിൽ എങ്ങുമുള്ള പുതിയ നിയമ പ്രകാരമുള്ള ക്രിസ്ത്യാനികൾ എല്ലാം ക്രിസ്തുവിന്റെ ഓർമ്മക്കായി അപ്പം നുറുക്കുകയും പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്യുന്നു. അവരെല്ലാം ഈ ഒരേ രീതിയിലാണ് എടുക്കു

ന്നത്. കർത്തൃമേശ നമ്മിൽ ഒരു കൂട്ടായ്മയുടെ ബന്ധം ഉറപ്പിക്കുന്നു. ക്രിസ്തുവിൻെറ കല്പന പ്രകാരം സ്നാനമേററ വിശ്വാസികരം എല്ലാവരേയും യോജിപ്പിച്ച് ക്രിസ്തുവിൽ ഉള്ള കൂട്ടായ്മയിൽ ബന്ധിപ്പിക്കുന്ന പ്രത്യേകത ഇതിലുണ്ട് (1 യോഹന്നാൻ 1:3-7; എഫെസ്യർ 5:21).

## ഒന്ന്

ദൈവശാസ്ത്രീയ ലേഖകൻ വായനക്കാരനെ ഓർപ്പിക്കുന്നതു: നിങ്ങളെ വിളിച്ചപ്പോരം ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ (എഫെസ്യർ 4:4-6)ം ഏക ശരീരമായ കർത്താവിൻെറ സഭയിലാണ് ഒരാരം ഏക കർത്താവിനെ ഓർമ്മിക്കേണ്ടത്. ആ ഏക സഭയ്ക്കു വേണ്ടിയാണ് അവൻ മരിച്ചതു. അവൻെറ ഉയിർപ്പിനാൽ നമുക്കു ഏക പ്രത്യാശയും രക്ഷയും ലഭിച്ചു. അവൻ മുഖാന്തരം നമുക്കു ഏക പിതാവായ ദൈവത്തോടു അടുക്കുവാൻ കഴിഞ്ഞു. ദൈവേഷ്ടപ്രകാരം അനുസരിച്ചവരിൽ ഏക വിശ്വാസമാണുള്ളത്. ക്രിസ്തുവിൻെറ ഉപദേശവും ഒന്നു മാത്രമാണ്.

## ഓർമ്മ

കർത്തൃമേശ ഓർമ്മ പുതുക്കുന്ന സമയം ആകയാൽ ക്രൂശിലേക്കു നമ്മുടെ ചിന്ത തിരിയണം. വിവിധ പ്രാധാന്യം അവിടെ നമുക്കു അനുഭവപ്പെടുന്നതായി കാണാം. യേശുക്രിസ്തുവിൻെറ രണ്ടാമത്തെ വരവു വരെ നാം അവൻെറ മരണത്തെ സ്മരിക്കണം. എല്ലാ ആഴ്ച്ചവട്ടത്തിൻെറ ഒന്നാം നാളിലും നാം ഈ മാനസിക യാത്ര നടത്തണം (1 കൊരിന്ത്യർ 11:26). അവതരിക്കപ്പെട്ട യേശുവിൻെറ

ഭൗതീക ശരീരം നുറുക്കപ്പെട്ടു. അവൻെറ ഞരമ്പുകളിലൂടെ രക്ഷിക്കുന്ന രക്തം ഒഴുക്കി. അതു നമ്മുടെ വിശ്വാസ കണ്ണാൽ കാണണം. ഈ കുഴപ്പം എല്ലാം വരുത്തി വച്ചതു മനുഷ്യൻെറ അധർമ്മമായിരുന്നുവല്ലൊ. ദൈവത്തിനു തൻെറ സൃഷ്ടിയോടുള്ള അതിരററ സ്നേഹത്തിൻെറ പ്രകടനമായിരുന്നു അത്. നമുക്ക് ദൈവത്തിൽ നിന്നു ലഭിക്കുന്ന നന്മയെ നാം മറക്കരുത്. നിയമലംഘനം ആണ് ദൈവത്തേയും മനുഷ്യനേയും തമ്മിൽ വേർപിരിക്കുന്നത്. ആ ഏകയാഗം സംഭവിച്ചില്ലായിരുന്നെങ്കിൽ മനുഷ്യൻെറ അവസ്ഥ എന്താകുമായിരുന്നു എന്നു ചിന്തിക്കുക. ക്രിസ്തുവിനെ നാം ഈ സമയത്ത് പ്രത്യേകമായി ഓർമ്മിക്കണം.

## കൃതജ്ഞത

തികഞ്ഞ അനുമോദനത്തിൻെറയും നന്ദി സൂചിപ്പിക്കലിൻേറയും സമയമാണ് കർത്തൃമേശ. കാരണം അവൻെറ കഷ്ടതയാൽ നമുക്കു സമാധാനം ലഭിച്ചു. അവൻെറ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം ലഭിച്ചു. യേശുവിൻെറ മരണത്താൽ നമുക്കു നിത്യജീവൻ കിട്ടി. അവൻ മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേററതിനാൽ നമുക്കു ജീവൻെറ പുതുക്കത്തിൽ നടക്കുവാൻ അവസരം ഒരുക്കി. നമുക്കു വരുമായിരുന്ന വലിയ നാശം ഒഴിവാക്കി തന്ന കർത്താവിൻെറ ത്യാഗ മനോഭാവം വളരെ വലുതാണ്.

കർത്തൃമേശ എന്നതു സാധാരണ ഭക്ഷണ പാനീയം പോലെയല്ല എന്നു അപ്പൊസ്തലനായ പൌലൊസ് കൊരിന്ത്യയിലെ ക്രിസ്ത്യാനികളെ ഓർപ്പിക്കുന്നുണ്ട് (1 കൊരിന്ത്യർ 11:20-34). ഈ വസ്തുത ആധുനിക ക്രിസ്ത്യാനികളും മനസിൽ സംഗ്രഹിക്കേണ്ടതാണ്. ആത്മീയ പ്രാധാന്യം മനസിലാക്കി ചിന്തയും പ്രവൃത്തിയും തമ്മിൽ ബന്ധപ്പെട്ടിരുന്നു കൊണ്ടാകണം ഇതെടുക്കാൻ.

★

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH** - The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI** - Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU** - The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL** - "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM** - The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA** - The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378

To